**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1587** **31-08-2022 - ൽ മറുപടിയ്ക്ക്**

**നെൽകർഷകർക്ക് ധനസഹായം നൽകുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നെൽകർഷകർക്ക് ധനസഹായം നൽകുന്നതിന് ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | സംസ്ഥാന സർക്കാരിന്റെ "നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കാനും സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാനും വേണ്ടി കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ ഘടക പദ്ധതികളെ സംബന്ധിച്ച വിവരം **അനുബന്ധം** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

**<u>സംസ്ഥാന സർക്കാരിന്റെ ·നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കാനും സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാനും വേണ്ടി കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ ഘടക പദ്ധതികളെ സംബന്ധിച്ച വിവരം</u>**

1) സുസ്ഥിര നെൽ കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിക്ക് അത്യുൽപാദനശേഷിയുള്ള നെൽ വിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5500/- രൂപ നിരക്കിൽ അനുവദിക്കുന്നു. ഇതിനായി 2022-23 വർഷത്തിൽ 92727 ഹെക്ടറിലേക്ക് 5100 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

2) പൊതു ഞാറ്റടി, കർഷക യന്ത്രോപകരണങ്ങളുടെ റിപ്പയർ, തോടുകളുടെ അറ്റകുറ്റ പണികൾ തുടങ്ങിയ പാടശേഖരസമിതികളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 83333.33 ഹെക്ടർ പ്രദേശത്തു പദ്ധതി നടപ്പിലാക്കുന്നതിനായി 300 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

3) നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള 10 നെൽകൃഷി വികസന ഏജൻസികൾക്കായി ഹോണറേറിയം, സിറ്റിംഗ് ഫീസ്, പ്രോജക്ടധിഷ്ഠിത ധനസഹായം എന്നിവയ്ക്കായി 30 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

4) സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തൃതിയിൽ വർദ്ധനവ് കൈവരിക്കുന്നതിന്റെ ഭാഗമായി 2022-23 വർഷത്തിൽ കരനെൽകൃഷി 875 ഹെക്ടറിൽ നടപ്പിലാക്കുന്നതിനായി ഹെക്ടറിന് 13600/- രൂപ നിരക്കിൽ 119 ലക്ഷം രൂപയും, 1415 ഹെക്ടർ തരിശുനില കൃഷിക്ക് ഹെക്ടറിന് 40,000/- രൂപ നിരക്കിൽ 566 ലക്ഷം രൂപയും, ഒരുപ്പൂ ചെയ്യുന്ന 500 ഹെക്ടർ വയലുകൾ ഇരുപ്പൂ ആക്കുന്നതിന് ഹെക്ടറിന് 10,000/- രൂപ നിരക്കിൽ 50 ലക്ഷം രൂപയും, പ്രത്യേക നെല്ലിനങ്ങളുടെ കൃഷി 650 ഹെക്ടറിൽ നടപ്പിലാക്കുന്നതിനായി ഹെക്ടറിന് 5,500/- രൂപ നിരക്കിൽ 65 ലക്ഷം രൂപയുമാണ് നീക്കിവച്ചിട്ടുള്ളത്.

5) കോൾ മേഖലയിലെ നെൽകൃഷി വികസനത്തിനായി തൃശ്ശൂർ ജില്ലയിൽ നടപ്പാക്കിയ പ്രത്യേക പദ്ധതി ഒരുപ്പൂ കൃഷിയിറക്കുന്ന കോൾ പടവുകളിൽ രണ്ടു പൂ നെൽകൃഷി, ഒന്നാം വിള നെൽകൃഷിക്ക് ശേഷം രണ്ടാം വിളയായി പയർ/ചോളം/എണ്ണക്കുരു വിളകൾ എന്നിവയുടെ കൃഷി, പമ്പ്സെറ്റ് ഉൾപ്പെടെയുള്ള മെഷിനറികൾ വാങ്ങി സ്ഥാപിക്കൽ, ബണ്ടുകളുടെയും സ്ലൂയിസുകളുടെയും അറ്റകുറ്റപ്പണി, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയ്ക്കായി 275 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

6) നെൽവയലുകൾ തരം മാറ്റുന്നത് വ്യാപകമായ സാഹചര്യത്തിൽ ആയത് നിരുത്സാഹപ്പെടുത്തുന്നതിനും വയലുകൾ നിലനിർത്തുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് റോയൽറ്റി 3,000/- രൂപ നിരക്കിൽ 30000 ഹെക്ടറിലേക്ക് 900 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്.

7) 2021-22 വർഷത്തിൽ നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതി 2500 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കുന്നതിനായി 125 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതിയിൽ (Soil and Root Health Management) ഉൾപ്പെടുത്തി 39259 ഹെക്ടർ നെൽകൃഷിക്കുള്ള കുമ്മായത്തിന് ഹെക്ടറിന് 5400 രൂപ നിരക്കിൽ 2130 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

നോൺ പ്ലാൻ (പദ്ധതിയേതരം) ഇനത്തിൽ ഉൾപ്പെടുത്തി നെല്ലിന്റെ ഉത്പാദന ബോണസായി ഓരോ സീസണിലെ നെൽക്കൃഷിക്കും ഹെക്ടറിന് 1000 രൂപ നൽകുന്നു. 2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾക്കായി 1324 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്കായി 44 ലക്ഷം രൂപയും കോർപ്പറേഷനുകൾക്കായി 0.50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റ് വിളകൾക്ക് രണ്ട് ഹെക്ടർ വരെയും ജലസേചനത്തിന് വൈദ്യുതി സൗജന്യമായി അനുവദിച്ച വരുന്നു.

ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഉഴവുകൂലിക്കും മറ്റ് ഉത്പാദനോപാധികൾക്കുമായി ഒരു ഹെക്ടറിന് പരമാവധി 25,000/- രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭിക്കും. പൊക്കാളി, കരി, കൈപ്പാട് നെൽകൃഷിക്ക് ഒരു ഹെക്ടറിന് പരമാവധി 32,000/- രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭിക്കും.

നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പാലക്കാട് ജില്ലയിലാണ് നടപ്പിലാക്കുന്നത്. 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതിപ്രകാരം പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക, വിത്ത് വിതരണം, മണ്ണ് സംരക്ഷണം, സൂക്ഷ്മ മൂലകങ്ങളുടെ വിതരണം, സസ്യ സംരക്ഷണം, കാർഷികയന്ത്രോപകരണങ്ങൾ, ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രാദേശിക സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണു ആനുകൂല്യം നൽകുന്നത്. 2022-23 വർഷത്തിൽ 53.70 ലക്ഷം രൂപയുടെ പദ്ധതി ആക്ഷൻ പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

പ്രകൃതിക്ഷോഭം മൂലം നെൽകൃഷിക്ക് നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കാനുള്ള നെൽവിത്ത് സൗജന്യമായി നൽകുന്നുണ്ട്. കൂടാതെ പ്രകൃതി ക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ഹെക്ടറിന് 13,500/- രൂപ നിരക്കിലും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിനകമുള്ള വിളയ്ക്ക് 15,000/- രൂപയും 45 ദിവസത്തിനു ശേഷമുള്ള വിളയ്ക്ക് 35,000/- രൂപ പ്രകാരവും ധനസഹായം അനുവദിക്കുന്നു. കർഷകർ ഉൽപാദിപ്പിക്കുന്ന നെല്ല് സർക്കാർ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സംഭരിക്കുകയും ചെയ്യുന്നു.